ഉത്തരം

ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം 34523 ആത്മഹത്യകൾ നടന്നു. ഇതിൽ 10661 പേർ സ്ത്രീകളും, 23862 പേർ പുരുഷൻമാരുമാണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 3323 പേർ ഉണ്ട്.

102 (2414) അനിതയുടെ മരണം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1988 ഫെബ്രുവരി 6-ന് കൊടുവള്ളി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള കിഴക്കോത്ത് പഞ്ചായത്ത് വെളുത്തേടത്ത് വീട്ടിൽ അനിതയുടെ മരണത്തെക്കുറിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത മരണത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) വിശദാംശം വെളിപ്പെടുത്തുമോ; അനിതയുടെ മരണത്തെത്തുടർന്ന് ആരുടെയെങ്കിലും പേരിൽ കേസ്സെടുത്തിട്ടുണ്ടോ; കേസ്സിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) അനിതയുടെ മരണത്തിന് കൊടുവള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 31/98/യു/സി അസ്വാഭാവിക മരണം ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും, അന്വേഷണത്തിൽ അനിതയുടെ ഭർത്താവ് മുരളിയുടെ മാനസികവും ശാരീരികവുമായ പീഡനം മൂലമാണ് അനിത ആത്മഹത്യ ചെയ്തതെന്നും കേസ്സ് 498(എ) ഐ.പി.സി. പ്രകാരം സെക്ഷൻ മാറ്റി പ്രതി മുരളിയെ അറസ്റ്റ്ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതും തുടർന്ന് പ്രതിയുടെ പേരിൽ 498(എ) ഐ.പി.സി. പ്രകാരം താമരശ്ശേരി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

103 (2416) പിറവം ഗ്രാമപഞ്ചായത്തിൽ നടന്ന പണാപഹരണം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപഞ്ചായത്തിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് വിജിലൻസ് പഞ്ചായത്ത് വകുപ്പിൽനിന്നും എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എന്നാണ് റിപ്പോർട്ട് ലഭിച്ചത്;

(സി) ഇതിൻമേൽ കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) പിറവം ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടുനടന്ന അഴിമതികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ആരുടെയെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) ഇതിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) തദ്ദേശ ഭരണവകുപ്പിന്റെ ശുപാർശയോടുകൂടി 23.11.99-ൽ ലഭിച്ചിട്ടുണ്ട്.

(സി) ഇതിൻമേൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല. വിജിലൻസ് അന്വേഷണത്തിൽ പരാതി സത്യമാണെന്നു ബോധ്യപ്പെട്ടാൽ മാത്രമേ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയുള്ളൂ.

(ഡി) സർവ്വശ്രീ ടി.എം. ജേക്കബ് എം.എൽ.എ., ഏലിയാസ് മങ്കിടി, ജോയി കിഴക്കേക്കര മുതലായവരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) പരാതികളിൻമേൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

104 (2414) വക്കച്ചന്റെ സംശയകരമായ സാഹചര്യത്തിലെ മരണം

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയിൽ വക്കച്ചൻ എന്ന ആൾ 19.2.2000-ത്തിൽ സംശയകരമായ നിലയിൽ മരിച്ചതിനെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കട്ടപ്പന മജിസ്ട്രേറ്റ് കോടതിയിൽനിന്നും ഇത് സംബന്ധിച്ച് പോലീസ് സ്വീകരിക്കേണ്ട നിയമനടപടികളെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നിർദ്ദേശമാണ് കിട്ടിയതെന്നും എന്നാണ് കിട്ടിയതെന്നും വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് കേസ്സ് എടുത്തിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് എടുത്തിരിക്കുന്നത്;

(ജി) കേസ്സ് എടുത്തിട്ടില്ലായെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. ഇതു സംബന്ധിച്ച് കട്ടപ്പന പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സ് ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(സി)മുതൽ(ജി)വരെ വട്ടക്കാവുങ്കൽ മത്തായിയുടെ മകൻ അഗസ്തി എന്നയാൾ കട്ടപ്പന ജെ.എഫ്.എം.സി.യിൽ സമർപ്പിച്ച അന്യായം സി.എം.പി. 785/2000 ആയി കോടതിയിൽ സ്വീകരിച്ച് അന്വേഷണം നടത്താൻ സി.ആർ.പി.സി. 156(3) വകുപ്പ് പ്രകാരം 25-2-2000-ത്തിൽ കട്ടപ്പന പോലീസ് സ്റ്റേഷനിൽ കിട്ടിയിട്ടുള്ളതാണ്. എന്നാൽ ഇത് സംബന്ധിച്ച് കട്ടപ്പന പി.എസ്. ക്രൈം നം.84/2000 യു/സി അൺനാച്യുറൽ ഡെത്ത് ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതിനാൽ കോടതിയിൽനിന്നും അയച്ചുകിട്ടിയ അന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം കേസ്സ് രജിസ്റ്റർ ചെയ്തി

LIBRARY ARCHIVES Kerala Legislative Assembly